# നീര ലൈസൻസ് മരവിപ്പിക്കാനുള്ള നടപടികൾ നിർത്തിവച്ചു

തിരുവനന്തപുരം ● നീര പദ്ധതിക്കു ലൈസൻസ് നൽകുന്നതു മരവിപ്പിക്കാനുള്ള സർക്കാർ നിർദേശത്തിൽ തുടർനടപടികൾ നിർത്തിവച്ചു. നികുതി വകുപ്പിന്റെ നിർദേശം ഡപ്യൂട്ടി കമ്മിഷണർമാർക്കു കൈമാറേണ്ടെന്ന് എക്സൈസ് വകുപ്പ് തീരുമാനിച്ചു. വകുപ്പുകൾ തമ്മിലുള്ള തർക്കത്തെത്തുടർന്നു നീര ലൈസൻസ് മരവിപ്പിക്കാനുള്ള മന്ത്രിസഭാ തീരുമാനം മലയാള മനോരമ പുറത്തുവിട്ടതോടെ വ്യാപക പ്രതിഷേധമുയർന്നതിനെത്തുടർന്നാണു നടപടികൾ നിർത്തിവച്ചത്.

മന്ത്രിസഭയുടെ തീരുമാനപ്രകാരം നീരയ്ക്കു ലൈസൻസ് നൽകുന്നതു നിർത്തിവയ്ക്കാൻ എക്സൈസ് വകുപ്പിനു നികുതി വകുപ്പ് നിർദേശം നൽകിയിരുന്നു. എന്നാൽ, സർക്കാർ ഉത്തരവുപ്രകാരം നൽകിയ ലൈസൻസ് നികുതിവകുപ്പിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മരവിപ്പിക്കാനോ റദ്ദാക്കാനോ കഴിയില്ലെന്നാണ് എക്സൈസ് വകുപ്പിനു ലഭിച്ച നിയമോപദേശം. ഇക്കാര്യം മന്ത്രി കെ. ബാബു ഉൾപ്പെടെയുള്ളവരെ അറിയിച്ചു. സർക്കാരിന്റെ അന്തിമ തീരുമാനം വരുന്നതുവരെ നികുതി വകുപ്പിന്റെ കത്തിൽ നടപടികളെടുക്കില്ലെന്ന് എക്സൈസ് വകുപ്പ് അറിയിച്ചു.